പ്രവാസികൾ ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണം കൈകാര്യം ചെയ്യുന്നതിന് സേവന നികുതി

25 (*145) ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾ ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണം കൈകാര്യം ചെയ്യുന്നതിന് സേവന നികുതി ഏർപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(ബി) പ്രവാസികൾ അധികമുള്ള സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ ഇത് എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ ;

(സി) ഇപ്രകാരമുള്ള നികുതി നിർദ്ദേശം പിൻവലിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) പ്രവാസികൾ വിദേശത്തുനിന്നും സ്വദേശത്തേക്ക് അയയ്ക്കുന്ന പണം ഇന്ത്യയ്ക്കകത്ത് കൈകാര്യം ചെയ്യുന്ന സേവന ദാതാക്കളുടെ മേൽ സേവനനികുതി ഏർപ്പെടുത്താനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശത്ത് നിന്നും ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണത്തിന് സേവന നികുതി ബാധകമല്ല എന്നാൽ വിദേശ നാണയ വിനിമയ സേവന ദാതാവ് (foreign money transfer service operator (MTSO)-ന്റെ ഏജന്റായോ പ്രതിനിധിയായോ ഈ പണം ഇന്ത്യയ്ക്കകത്ത് വിതരണം ചെയ്യുന്ന സ്ഥാപനമോ, ബാങ്കോ ഈ സേവനത്തിന് വിദേശ നാണയ വിനിമയ സേവന ദാതാവിൽ (MTSO)-നിന്നും ഈടാക്കുന്ന കമ്മീഷന് സേവന നികുതി നൽകണമെന്നതാണ് നിർദ്ദേശം

(ബി) ഇക്കാര്യം പ്രത്യേകമായി പരിശോധിച്ചിട്ടില്ല. ഇത്തരം നിർദ്ദേശം നടപ്പിലാക്കുകയാണെങ്കിൽ പ്രവാസികളുടെ ആഭ്യന്തര നിക്ഷേപ താൽപ്പര്യം കുറയാൻ സാദ്ധ്യതയുണ്ടെന്നതാണ് പ്രാഥമിക വിലയിരുത്തൽ.

(സി) പ്രസ്തുത നികുതി നിർദ്ദേശം പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly